**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പെരിന്തൽമണ്ണ നഗരസഭയിൽ, ജി.പി.എസ് റിന്യൂവബിൾസ് പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന ശുചിത്വ മിഷന്റെ അംഗീകൃത സേവന ദാതാവായ സ്ഥാപനത്തിന്റെ "ബയോ ശക്തി ബയോ ഊർജ്ജ" എന്ന ടെക്നോളജി പ്രകാരമുള്ള, ദിവസേന 2 മെട്രിക് ടൺ ജൈവമാലിന്യം സംസ്കരിക്കുന്നതിന് ശേഷിയുള്ളതും ബയോഗ്യാസിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമായ ആധുനിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 194/2019/തസ്വഭവ തിരുവനന്തപുരം, തീയതി 29.01.2019

പരാമർശം :- 1) പെരിന്തൽമണ്ണ നഗരസഭയുടെ 21.06.2018-ലെ കൗൺസിൽ തീരുമാനം നമ്പർ 88.
2) പെരിന്തൽമണ്ണ നഗരസഭയിൽ ബയോ ശക്തി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 06.09.2018-ൽ ശുചിത്വ മിഷനിൽ ചേർന്ന യോഗത്തിന്റെ നടപടി ക്കുറിപ്പ്.
3) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.10.2018- ലെ 1549/C2/2018/SM നമ്പർ കത്ത് .

**ഉത്തരവ്**

ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മാതൃകാപരമായി നടത്തി വരുന്ന നഗരസഭ എന്ന പരിഗണന നൽകി പെരിന്തൽമണ്ണ നഗരസഭയ്ക്ക് വേണ്ടി ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായ ജി.പി.എസ്. റിന്യൂവബിൾസ് പ്രൈവറ്റ് ലിമിറ്റഡ് , ബാംഗ്ലൂർ എന്ന സ്ഥാപനം, "ബയോ ശക്തി ബയോ ഊർജ്ജ" എന്ന ശുചിത്വ മിഷൻ അംഗീകരിച്ച ടെക്നോളജി പ്രകാരമുള്ളതും ദിവസേന 2 മെട്രിക് ടൺ ജൈവമാലിന്യം സംസ്കരിക്കുന്നതിന് ശേഷിയുള്ളതും ബയോഗ്യാസിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമായ ആധുനിക ബയോഗ്യാസ് പ്ലാന്റിന്റെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുകയും പെരിന്തൽമണ്ണ നഗരസഭ ഈ പദ്ധതിക്ക് പരാമർശം(1) പ്രകാരം അംഗീകാരം നൽകുകയും ചെയ്തിരുന്നു.

2. ഖരമാലിന്യ സംസ്കരണ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ജി.പി.എസ്. റിന്യൂവബിൾസ് പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന സ്ഥാപനത്തിന്റെ ബയോ ശക്തി ബയോ ഊർജ്ജ എന്ന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ആധുനിക ബയോഗ്യാസ് പ്ലാന്റ് പെരിന്തൽമണ്ണ നഗരസഭയിൽ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശം(2)-ന്റെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ നഗരസഭയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നഗരസഭ നടപ്പിലാക്കുന്ന "ജീവനം" പദ്ധതിയുടെ ഭാഗമായി നഗരസഭയുടെ 14 ഏക്കർ വരുന്ന സ്ഥലത്ത് ജി.പി.എസ് റിന്യൂവബിൾസ് പ്രൈ.ലിമിറ്റഡ്, ബാംഗ്ലൂർ എന്ന ഏജൻസിയുടെ "ബയോശക്തി ബയോ ഊർജ്ജ" എന്ന ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ടെക്നോളജി അടിസ്ഥാനമാക്കി ദിവസേന 2 മെട്രിക് ടൺ ജൈവമാലിന്യം സംസ്കരിക്കുന്നതിന് ശേഷിയുള്ളതും ബയോഗ്യാസിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമായ ആധുനിക ബയോഗ്യാസ് പ്ലാന്റ് പ്രസ്തുത സേവന ദാതാവുമായി നേരിട്ട് കരാറിലേർപ്പെട്ട് പൈലറ്റ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പെരിന്തൽമണ്ണ നഗരസഭയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രായോഗികതയും വിജയസാദ്ധ്യതയും ശുചിത്വ മിഷൻ ഉറപ്പാക്കേണ്ടതാണ്

- ടി ആധുനിക ബയോഗ്യാസ് പ്ലാന്റ് സംവിധാനത്തിന്റെ സ്ഥിരം ആസ്ഥിയുടെ ഭാഗമായ പ്ലാന്റിന് 49,50,000/- രൂപയും 5% ജി.എസ്.ടി-യും, 40 കെ.വി.എ ജനറേറ്ററിന് 10,00,000/- രൂപയും 5% ജി.എസ്.ടി-യും, ട്രാൻസ്പോർട്ടേഷൻ 1,50,000/- രൂപയും 18% ജി.എസ്.ടി-യും എന്ന നിരക്കുകൾ പ്രകാരം വാങ്ങാവുന്നതാണ്

- ഫാബ്രിക്കേറ്റഡ് പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്ക് വേണ്ട സിവിൽ പ്രവൃത്തിക്ക് (പ്ലാറ്റ്ഫോം, ഷെഡ് തുടങ്ങിയവ) പ്രോജക്റ്റിൽ 6,00,000/- രൂപ വകയിരുത്തപ്പെട്ടത് ആവശ്യാനുസരണം സൃഷ്ടിക്കേണ്ട പശ്ചാത്തല സൗകര്യത്തെ അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം യഥാവിധി നിർവ്വഹണം നടത്തേണ്ടതാണ്

- പ്ലാന്റ് സ്ഥാപിച്ച് ഒന്നാം വർഷം ഓപ്പറേഷൻ & മെയിന്റനൻസ് ചാർജ്ജുകൾ ജി.പി.എസ് റിന്യൂവബിൾസ് എന്ന സേവന ദാതാവ് തന്നെ വഹിക്കുന്നതിനും തുടർന്ന് 2,3,4,5 വർഷങ്ങളിൽ ഓപ്പറേഷൻ & മെയിന്റനൻസ് ചെലവുകൾ യഥാക്രമം 1,19,000/- രൂപ, 1,48,780/- രൂപ, 1,63,625/- രൂപ 1,93,398/- രൂപ സ്ഥിര നിരക്ക് കണക്കാക്കിയത് 2- ാം വർഷം മുതൽ അതാത് വർഷം നഗരസഭയുടെ ഉത്തരവാദിത്തത്തിൽ പരസ്പര ധാരണ വരുത്തി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്

- ഫാബ്രിക്കേറ്റ് ചെയ്ത പ്ലാന്റ് സ്ഥാപിക്കുവാൻ തക്കവിധം സജ്ജമാക്കി (Ready to install) പ്രോജക്ട് സൈറ്റിൽ എത്തിച്ച് അടുത്ത 7 പ്രവൃത്തി ദിവസത്തിനകം 80% തുക ആദ്യഗഡുവായും, സിസ്റ്റം കമ്മീഷൻ ചെയ്ത് $100m^3$ ബയോഗ്യാസ് ഉത്പാദിപ്പിച്ചാലുടൻ (ഏകദേശം ഒരു മാസ സമയം) ബാക്കി 20% തുകയും ജി.പി.എസ് റിന്യൂവബിൾസ് പ്രൈ.ലിമിറ്റഡിന് പേയ്മെന്റ് ആയി നൽകാവുന്നതാണ്.

- പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ആകെ ചെലവാകുന്ന തുകയിൽ 20 ലക്ഷം രൂപ നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും ബാക്കി തുക ശുചിത്വ മിഷന്റെ 2018-19 വർഷത്തെ സംസ്ഥാനവിഷ്കൃത പദ്ധതിയുടെ ശുചിത്വ കേരളം (നഗരം) ഫണ്ടിൽ നിന്ന് വകയിരുത്തിയും ചെലവഴിക്കാവുന്നതാണ്.

- അഞ്ചു വർഷത്തെ ഓപ്പറേഷൻ & മാനേജ്മെന്റ് വ്യവസ്ഥ കൂടി മെഷീനറി സ്ഥാപിക്കുന്ന ഏജൻസിയോട് ആശ്യപ്പെടേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനതപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
ചെയർമാൻ, പെരിന്തൽമണ്ണ നഗരസഭ.
സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ